# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 395 – 03/03/2020 - ലെ മറുപടിക്ക്

### സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി

ചോദ്യം

ഉത്തരം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | എസ്.സി/എസ്.ടി ഭാഗത്തിൽ നിന്നുള്ള സംരംഭങ്ങളെയും വനിതാ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് 2016-ൽ കേന്ദ്രസർക്കാർ ആരംഭിച്ച 'സ്റ്റാൻഡ് അപ് ഇന്ത്യ' പദ്ധതിയിൽ സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ വായ്പകൾ നൽകുന്നില്ലെന്ന ആക്ഷേപം സർക്കാർ പരിശോധിക്കുമോ; | പ്രായോഗികവും വിജയസാധ്യതയുമുള്ള സംരംഭങ്ങൾക്കായി അർഹരായ സംരംഭകർക്ക് സംസ്ഥാനത്തെ ബാങ്കുകൾ 'സ്റ്റാൻഡ് അപ് ഇന്ത്യ' പദ്ധതിയിൽ വായ്പ നിഷേധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |
| (ബി) | മറ്റ് സംസ്ഥാനങ്ങളിൽ പൊതുമേഖലാ ബാങ്കുകളും സ്വകാര്യ മേഖലയിലെ ബാങ്കുകളും നൽകുന്ന വായ്പകൾ അപേക്ഷിച്ച് കേരളത്തിലെ ബാങ്കുകൾ നൽകുന്ന വായ്പകൾ കുറവാണെന്ന ആക്ഷേപം പരിശോധിക്കുമോ; | അർഹമായ അപേക്ഷകൾക്ക് കേരളത്തിലെ ബാങ്കുകൾ പദ്ധതി നിബന്ധകൾക്കനുസൃതമായി വായ്പകൾ നല്കുന്നുണ്ട്. |
| (സി) | ഈ വിഷയം ബാങ്കേഴ്സ് സമിതിയുടെ മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബാങ്കുകൾ 'സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി' പ്രകാരമുള്ള വായ്പ നിഷേധിക്കുന്നതായുള്ള ആപേക്ഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ബാങ്കേഴ്സ് സമിതിയുമായി ചർച്ച ചെയ്ത് പരിഹാര നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ